2015 മേയ് വരെ ധനസഹായമായി അനുവദിച്ചിട്ടുള്ള 746.76 കോടി രൂപയിൽ 583.97 കോടി രൂപയാണ് ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്കെടുത്തിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II(I) മുതൽ II(5) വരെയായി ചേർത്തിട്ടുണ്ട്.*

നിരസിച്ച അപേക്ഷകളുടെ എണ്ണം സംബന്ധിച്ച കണക്ക് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.*

(ഡി) താഴെ കാണിച്ചിരിക്കുന്ന പ്രകാരം ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് നൽകിയിട്ടുള്ള ചെക്കുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്.

ഹോസ്പിറ്റൽ	ചെക്കിന്റെ തുക
മെഡിക്കൽ കോളേജ്, കോട്ടയം	51,08,000
പ്രൈമറി ഹെൽത്ത് സെന്റർ, വരദൂർ	1,20,000
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നല്ലൂർനാട്	4,75,000

ചികിത്സാ ധനസഹായമായി നൽകിയിരുന്ന ചെക്കുകൾ ആശുപത്രികളിൽ നിന്നും നഷ്ടപ്പെട്ടുവെന്ന് രേഖാമൂലം അറിയിപ്പ് ലഭിച്ചതനുസരിച്ച് ട്രഷറിയിൽ പ്രസ്തുത ചെക്കുകളുടെ സ്റ്റോപ്പ് പേയ്മെന്റ് നടത്തുകയും പ്രസ്തുത ചെക്കുകൾ തിരികെ ലഭിക്കാത്തവണ്ണം നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് രേഖാമൂലം ഉറപ്പുവരുത്തി ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് പുതിയ ചെക്കുകൾ നൽകിയിട്ടുമുണ്ട്.

(ഇ) ഇതുസംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല.

കാരുണ്യ ബെനവലന്റ് സ്കീം എറണാകുളം ജില്ല

134(2123) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബനവലന്റ് സ്കീം പ്രകാരം അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നിശ്ചിത രോഗങ്ങൾ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നതുമൂലം അർഹരായ നിരവധി സാധാരണക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലയിലെ കൂടുതൽ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനും എല്ലാ മാരക രോഗങ്ങളെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ, പദ്ധതി ഗുണഭോക്താക്കൾക്കുകൂടി ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്‌ലെസ് ചികിത്സ നൽകുന്നതിന് തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

കാരുണ്യ സ്കീമിൽ ഉൾപ്പെട്ട രോഗങ്ങൾക്ക് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും കാരുണ്യ വ്യവസ്ഥ അംഗീകരിക്കുന്നതുമായ സ്വകാര്യ ആശുപത്രികൾക്കാണ് അക്രെഡിറ്റേഷൻ നൽകിയിട്ടുള്ളത്.

എന്നാൽ പദ്ധതി പ്രകാരമുള്ള എല്ലാ പാക്കേജുകളും ഏറ്റെടുക്കാൻ പല സ്വകാര്യ ആശുപത്രികളും തയ്യാറായിട്ടില്ല.

ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സ, കരൾ, തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നീ രോഗങ്ങളായിരുന്നു പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സൂഷ്മ നാഡി എന്നിവയും ചികിത്സാ ധനസഹായം നൽകിവരുന്നു.

(സി) ആധുനിക ചികിത്സ/സേവന സൗകര്യങ്ങളുള്ളതും കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പാക്കേജുകൾ അംഗീകരിച്ച് ധാരണാപത്രം ഒപ്പുവയ്ക്കാൻ തയ്യാറായിട്ടുള്ളതുമായ കൂടുതൽ സ്വകാര്യ ആശുപത്രികളെ പദ്ധതിയിലേയ്ക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്. വരുമാനത്തേക്കാൾ ധനസഹായത്തിനുള്ള ആവശ്യം അധികരിച്ചിരിക്കുന്നതിനാൽ കൂടുതൽ ചികിത്സാ ചെലവ് വരുന്ന എല്ലാ മാരക രോഗങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിലെ ജീവനക്കാർ

135(2124) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly